പ്രകാശവചനം ● **അബൂദർറ് എടയൂർ**

# ദൗർബല്യങ്ങൾ തിരിച്ചറിയുക

عَنْ ثوْبَان، قَالَ:قَالَ رَسُولُ اللَّه ﷺ: يُوشِك الأمُمُ أن تداعى عَلَيْكُم كَمَا تَدَاعَى الأكلة إلى قصْعَتهَا فقال: وَمن قلة نحنُ يوْمَئذ؟ قَال: بَلْ أنتم يومَئذ كَثير وَلكنّكُم غثاء كغثاء السَّيْل، وَلَيَنْزِعَن الله منْ صُدُورِ عدوّكُم المهابَةَ منكُم، وَليقذْفنَّ الله في قلوبكم الوَهْنَ فقَال قائل : يا رَسُولَ الله، وَمَا الوَهْن؟ قال: حُبُّ الدُّنيا وكرَاهِيَة الموْت

സൗബാനിൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: തീറ്റപ്രിയർ ഭക്ഷണത്തളികയിലേക്ക് ചാടിവീഴും പോലെ ജനവിഭാഗങ്ങൾ നിങ്ങളുടെ മേൽ ചാടിവീഴുന്ന ഒരു കാലം വരാനിരിക്കുന്നു. അപ്പോൾ ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ അന്ന് ഞങ്ങൾ ന്യൂനപക്ഷമായതുകൊണ്ടായിരിക്കുമോ? പ്രവാചകൻ പറഞ്ഞു: അല്ല, അന്ന് നിങ്ങൾ എണ്ണത്തിൽ ധാരാളമുണ്ടാകും. പക്ഷേ, ഒഴുക്കുവെള്ളത്തിലെ ചണ്ടികൾ പോലെയായിരിക്കുമെന്ന് മാത്രം. നിങ്ങളുടെ ശത്രുക്കളുടെ ഹൃദയങ്ങളിൽ നിന്ന് നിങ്ങളെ കുറിച്ച ഭീതി അല്ലാഹു നീക്കിക്കളയും. നിങ്ങളുടെ ഹൃദയങ്ങളിൽ അല്ലാഹു ദൗർബല്യം നിക്ഷേപിക്കുകയും ചെയ്യും. അന്നേരം ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, എന്താണാ ദൗർബല്യം? നബി(സ) പറഞ്ഞു: ഐഹിക ലോകത്തോടുള്ള പ്രേമവും മരണത്തോടുള്ള വെറുപ്പും (അബൂദാവൂദ്).

ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പ് പ്രവാചകൻ നടത്തിയ ഒരു പ്രവചനമാണിത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്‌ലാമിനെതിരെ നടക്കുന്ന ഗൂഢാലോചനകളെ കുറിച്ച് മുന്നറിയിപ്പ് നൽകുകയാണിവിടെ. നമ്മെ നിരാശപ്പെടുത്താനല്ല, മറിച്ച് നമ്മിലെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ് ചികിത്സിക്കാൻ വേണ്ടിയാണ് പ്രവാചകൻ ഇപ്രകാരം മുന്നറിയിപ്പ് നൽകുന്നത്. ഗുണനിലവാരമില്ലെങ്കിൽ എണ്ണം എത്രയുണ്ടായിട്ടും കാര്യമില്ലെന്ന് കൂടി സൂചിപ്പിക്കുകയാണിവിടെ.

ഇസ്‌ലാമിനെ ശത്രുക്കൾ ഭയപ്പെടുന്നുണ്ടെങ്കിലും, ആർക്കും എപ്പോഴും യഥേഷ്ടം കയറിമേയാവുന്ന അവസ്ഥയിൽ മുസ്‌ലിം സമൂഹം എത്തിപ്പെട്ടത് ഇഹലോകത്തോടുള്ള ആർത്തികൊണ്ടും മരണത്തിന് വേണ്ടി തയാറെടുപ്പ് നടത്താത്തതുകൊണ്ടുമാണ്. സ്വർഗലബ്ധിക്ക് വേണ്ടി എല്ലാവരും പ്രാർഥിക്കുന്നു. പക്ഷേ മരിക്കാനുള്ള സന്നദ്ധതയൊട്ടില്ലതാനും. പ്രവാചകൻമാരുടെ കൂടെ സ്വർഗീയാരാമങ്ങളിൽ താമസിക്കാൻ കൊതിക്കുന്നവർ ദൗത്യം വിസ്മരിക്കുന്നത് ഖേദകരമാണ്. തങ്ങൾ ന്യൂനപക്ഷമാണ്, പിന്നാക്കമാണ് എന്ന് വിലപിച്ച് കാലംകഴിക്കാനല്ലാതെ മുസ്‌ലിം എന്ന ഐഡന്റിറ്റിയിൽ മുന്നോട്ട് കുതിക്കാൻ നമുക്കാവാത്തത് കാലത്തിന്റെ കുത്തൊഴുക്കിൽ നാമും അലിഞ്ഞുചേർന്നിരിക്കുന്നുവെന്നതുകൊണ്ടാണ്. മദീനയിൽ പ്രവാചകനും അനുചരന്മാരും ന്യൂനപക്ഷമായിരുന്നല്ലോ. പക്ഷേ നാടിനെ നയിക്കാനുള്ള ഉത്തരവാദിത്വം ജനങ്ങൾ ഏൽപിച്ചത് അവരുടെ കരങ്ങളിലാണ്. അവരുടെ ജീവിതത്തിന്റെ തെളിച്ചവും തിളക്കവും നൻമയോടും സത്യത്തോടും നീതിയോടുമുള്ള പ്രതിബദ്ധതയുമായിരുന്നു അതിന് കാരണം. ആ സ്വഭാവ ഗുണങ്ങൾ തന്നെയാണ് സ്വേഛാധിപതികൾ ഭയപ്പെട്ടതും. ജനം ഇവർക്ക് വേണ്ടി അണിനിരന്നാൽ തങ്ങളുടെ അധികാരവും സ്ഥാനമാനങ്ങളും തെറിക്കുമെന്ന് ശത്രുക്കൾ ഇന്നും പേടിക്കുന്നു. യഥാർഥ ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്നവർക്ക് ഏർപ്പെടുത്തുന്ന യാത്രാവിലക്കുകൾ ആ ഭീതിയിൽ നിന്ന് ഉണ്ടാവുന്നതാണ്.

ഇസ്‌ലാം മികച്ചതായാൽ പോരാ. മുസ്‌ലിംകൾ അതിനനുസൃതമായി ജീവിക്കുക കൂടി വേണം. ഒരു ജീവിത ചര്യയാകുമ്പോഴാണല്ലോ തത്വങ്ങൾ ജീവിക്കുന്നത്. ഒരു പദ്ധതി വിജയിക്കുകയോ പരാജയപ്പെടുകയോ ചെയ്യുന്നതിന്റെ മുഖ്യകാരണം ആളുകളാണ്. അവരുടെ ഓരോ ന്യൂനതയും ഫലത്തെ ബാധിക്കുന്നു. അവരുടെ സദ്ഗുണങ്ങൾ അതിനെ തിളക്കമാർന്നതാക്കുകയും ചെയ്യുന്നു. ഇതൊരു അനുഭവയാഥാർഥ്യമാണല്ലോ.

അല്ലാഹുവിന്റെ നിയമങ്ങളാണ് ലോകത്തെ നയിക്കേണ്ടതെന്നും അതിന് ചുക്കാൻ പിടിക്കേണ്ടത് തങ്ങളാണെന്നും മുസ്‌ലിംകൾ തിരിച്ചറിയുമ്പോഴേ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും ഇസ്സത്ത് ഉണ്ടാവുകയുള്ളൂ. ഇസ്‌ലാമിനെ കുറിച്ച് തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോൾ യഥാർഥ ഇസ്‌ലാമിനെ ചൂണ്ടിക്കാണിച്ചുകൊടുക്കാൻ പറ്റുന്ന അവസ്ഥയിലേക്ക് മുസ്‌ലിംകൾ പരിവർത്തിപ്പിക്കപ്പെടണം. അതിന് ഇഹലോകം ഒരു വിശ്രമസ്ഥലം മാത്രമാണെന്നും മരണമാണ് സ്വർഗത്തിലേക്കുള്ള വാതിലെന്നും നമ്മുടെ മനസ്സിനെ അംഗീകരിപ്പിക്കണം. ഒഴുക്കിനെതിരെ നീന്താനുള്ള ആർജവം നാം കാണിക്കണം. പ്രവാചകൻ പറഞ്ഞു: ജനങ്ങൾ നന്നായാൽ ഞങ്ങളും നന്നാവും, അവർ മോശമായാൽ ഞങ്ങളും മോശമാവും എന്ന് പറയുന്ന അവസരവാദികളാവരുത് നിങ്ങൾ. ആളുകൾ നന്നാവുമ്പോൾ നന്നാവാനും അവർ മോശമാകുമ്പോൾ അവരെപ്പോലെ ആകാതിരിക്കാനും നിങ്ങളുടെ മനസ്സിനെ പാകപ്പെടുത്തിയെടുക്കണം (തിർമിദി). ജനങ്ങൾ ദുഷിക്കുമ്പോൾ സജ്ജനങ്ങളായി നിലയുറപ്പിക്കുകയും സംസ്കരണപ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുന്ന സുകൃതികൾക്ക് മംഗളം നേർന്നിട്ടുണ്ട് പ്രവാചകൻ. ആരോരും തുണയില്ലാത്ത കാലത്ത് ഇസ്‌ലാമിനെ ധീരോദാത്തം നെഞ്ചേറ്റിയ സ്വഹാബികളെ മാതൃകയാക്കി പോരാട്ടമാർഗത്തിൽ നാം നിലയുറപ്പിക്കാത്ത പക്ഷം നാം വെറും ചണ്ടികളായിരിക്കും; ഭൗതികാർഥത്തിൽ നാം എത്ര ഉന്നതരാണെങ്കിലും. ■